പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

10.06.2013-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .124

## കൊയിലാണ്ടി ഫിഷറീസ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊയിലാണ്ടി ഫിഷറീസ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷമാണ് നോർത്ത് ബ്രേക്ക് വാട്ടർ, ജെട്ടി, ലേലപ്പുര എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയത്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ അവലോകനവുമായി ബന്ധപ്പെട്ട് മന്ത്രി പങ്കെടുത്ത എത്ര യോഗങ്ങൾ ഏതെല്ലാം തീയതികളിൽ എവിടെയെല്ലാം വച്ച് നടന്നു ; | (ബി) | ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.07.2011 ന് തിരുവനന്തപുരത്ത് വച്ചും ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.01.2012 ൽ കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചും കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് 02.03.13-ലും യോഗം ചേരുകയുണ്ടായി. |
| (സി) | പ്രസ്തുത യോഗങ്ങളിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാം; മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കിക്കൊണ്ട് വ്യക്തമാക്കുമോ ; | (സി) | 18/07/2011 ലും 02/03/2013 ലും നടന്ന യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത തീരുമാനങ്ങൾ അനുസരിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ഡി) | 02/03/2013-ൽ നടന്ന യോഗ തീരുമാനമനുസരിച്ച് ഹാർബർ ബേസിനിൽ അടിഞ്ഞ് കൂടിയ ചെളി അടിച്ച് ബലപ്പെടുത്തി സ്ഥലം നികത്തിയെടുക്കുന്നത് സംബന്ധിച്ച കോഴിക്കോട് NIT- യിൽ നിന്നും അന്തിമ പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയതിനാൽ സ്ഥലം നികത്തിയെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടില്ല. |